## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2293** 05.12.2018 -ൽ മറുപടിക്ക്.

### ഭക്ഷ്യഭദ്രതാ നിയമ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്.ശർമ്മ**<br>,, **കെ.ബാബു**<br>,, **സി.കെ ശശീന്ദ്രൻ**<br>,, **ബി.സത്യൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) പൊതുവിതരണ ശൃംഖലയിൽ കാതലായ മാറ്റങ്ങൾക്ക് വഴിതെളിക്കുന്ന ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം,<br>1. ഗുണഭോക്താക്കളെ കണ്ടെത്തി<br>2. അംഗീകൃത ഏജൻസി (സപ്ലൈകോ) മുഖേന സ്റ്റോക്ക് എഫ്.സി.ഐ യിൽ നിന്ന് വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടന്നുവരുന്നു.<br>3. ഇ-പോസ് സംവിധാനം ഏർപ്പെടുത്തി.<br>4. പരാതി പരിഹാര സംവിധാനത്തിന് ജില്ലാതലത്തിൽ ജില്ലാ പരാതി പരിഹാര ഓഫീസർമാരായി എ.ഡി.എം മാരെ നിയമിച്ചു.<br>5. സംസ്ഥാന ഭക്ഷ്യ കമ്മീഷനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ താൽക്കാലികമായി നിയമിച്ചു സ്ഥിരം കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>6. വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു<br>7. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013ലെ വകുപ്പ് 40 പ്രകാരം കേരള സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 പ്രസിദ്ധീകരിച്ചു.<br>8. പൊതുവിതരണം സോഷ്യൽ ആഡിറ്റിന് വിധേയമാക്കാൻ നടപടികൾ സ്വീകരിച്ചു |

9. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിനെ കുറിച്ചുള്ള തുടർച്ചയായ അവലോകനം നടത്തുന്നതിന് കേരള സർവകലാശാല യുമായി ധാരണയായി.
10. ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുത്ത് ഉപഭോക്താക്കളിൽ എത്തിക്കുന്നത് വരെയുള്ള കാര്യങ്ങൾ ട്രാൻസ്പേരൻസി പോർട്ടലിലൂടെ സുതാര്യമാക്കി.
11. മുൻഗണനാ പട്ടിക നിരന്തരമായ പരിഷ്കരണത്തിന് വിധേയമാണ് എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കി, അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി നടന്നു കൊണ്ടിരിക്കുന്നു.

**(ബി)** ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംബന്ധിച്ച സോഷ്യൽ ഓഡിറ്റിംഗ് നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ;

**(ബി)** ഉണ്ട്.

**(സി)** പൊതുവിതരണ രംഗത്തെ ആധുനികവത്ക്കരണം പൂർത്തിയാക്കിയതിന്റെ ഫലമായി കാർഡുടമകൾക്ക് സംസ്ഥാനത്ത് എവിടെയുമുള്ള റേഷൻകടകളിൽ നിന്നും റേഷൻ വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

**(സി)** ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ(ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുള്ളതിനാൽ കാർഡുടമകൾക്ക് ആധാർ അടിസ്ഥാനമാക്കിയുള്ള "പോർട്ടബിലിറ്റി സംവിധാനം" ഉപയോഗിച്ച് ഏത് റേഷൻ കടയിൽ നിന്നും തങ്ങളുടെ വിഹിതം വാങ്ങാവുന്നതാണ്.

2018 ഒക്ടോബർ മാസത്തിൽ പോർട്ടബിലിറ്റി സംവിധാനം മുഖേന റേഷൻ വാങ്ങിയവരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 140366 |
| 2 | കൊല്ലം | 85710 |
| 3 | പത്തനംതിട്ട | 34848 |
| 4 | ആലപ്പുഴ | 53936 |
| 5 | കോട്ടയം | 46871 |
| 6 | ഇടുക്കി | 28346 |
| 7 | എറണാകുളം | 76442 |
| 8 | തൃശ്ശൂർ | 72581 |
| 9 | പാലക്കാട് | 42528 |
| 10 | മലപ്പുറം | 56208 |
| 11 | കോഴിക്കോട് | 77563 |
| 12 | വയനാട് | 21471 |
| 13 | കണ്ണൂർ | 51713 |
| 14 | കാസർഗോഡ് | 28501 |

(ഡി) ഇ-പോസ് മെഷീൻ സംവിധാനമുണ്ടായിട്ടും ഉപയോഗിക്കാത്ത റേഷൻ വ്യാപാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ട്.

(ഇ) ഇ-പോസ് സംവിധാനം വഴിയുള്ള വിതരണത്തിനുശേഷം മിച്ചം വന്ന റേഷൻ സാധനങ്ങൾ അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കും വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

(ഇ) ഇല്ല. അഗതി മന്ദിരങ്ങൾക്കും അനാഥാലയങ്ങൾക്കും ഭക്ഷ്യ ധാന്യം വിതരണം ചെയ്യുന്നതിന് മറ്റൊരു പദ്ധതി നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**